**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2427** **15-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ജി. എസ്. ടി. വകുപ്പിലെ നിയമന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഇൻറലിജൻസ് ഇൻവസ്റ്റിഗേഷൻ മേധാവിക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യത എന്തെല്ലാമാണ് എന്നറിയിക്കാമോ; ഇതിലേക്കായി അപേക്ഷ സമർപ്പിച്ചവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ മേധാവിയെ നിയമിക്കുന്ന നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) | അപേക്ഷ സമർപ്പിച്ചവരിൽ വിരമിച്ച ജി.എസ്.ടി. വകുപ്പ് ജീവനക്കാരുണ്ടോ എന്നറിയിക്കാമോ; | (ബി) | ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) | പ്രസ്തുത പോസ്റ്റിൽ അപേക്ഷ സമർപ്പിച്ചവരിൽ സർവ്വീസ് കാലയളവിൽ കൈക്കൂലി വാങ്ങിയതിനും അനധികൃത സ്വത്ത് സമ്പാദനത്തിനും സസ്പെൻഷനും വിജിലൻസ് നടപടികളും നേരിടുന്നവർ അപേക്ഷ സമർപ്പിച്ച കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) | സംസ്ഥാന ജി. എസ്. ടി. വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട് എന്നറിയിക്കാമോ; | (ഡി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ (1) എസ്.ബി. അനിൽ ശങ്കർ, ഓഡിറ്റ് ഓഫീസർ എറണാകുളം (2) ശ്രീ.എസ്.വി. ശിശിർ, ഡെപ്യൂട്ടി കമ്മീഷണർ, പേഴ്സണൽ ഡിവിഷൻ കമ്മീഷണറേറ്റ് തിരുവനന്തപുരം (3) പി.ബി.വേണുഗോപാൽ, റിട്ടയേർഡ് അഡീഷണൽ ലോ ഓഫീസർ, കോട്ടയം (4) ശ്രീമതി. പ്രീതി കുര്യാക്കോസ്, ഇന്റലിജൻസ് ഓഫീസർ, കോട്ടയം എന്നിവരുടെ ബിരുദത്തിന്റെയും വകുപ്പുതല പരീക്ഷകളുടെയും സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന ആരോപണത്തിന്മേൽ വി.ഇ 03/2024/സി.ആർ.ഇ. നമ്പരായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മദ്ധ്യമേഖല എറണാകുളം ഓഫീസിൽ ഒരു വിജിലൻസ് അന്വേഷണം നടത്തി വരുന്നു. പ്രസ്തുത അന്വേഷണം പൂർത്തിയായിട്ടില്ല. |
| (ഇ) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എം.ജി. യൂണിവേഴ്സിറ്റി രജിസ്ട്രാർ, കോട്ടയം ഗാന്ധിനഗർ പോലീസ് | (ഇ) | സംസ്ഥാന GST വകുപ്പിൽ ഇൻസ്പെക്ടർ കേഡറിൽ സ്ഥാനക്കയറ്റം നേടുന്നതിന് എസ്.ബി. അനിൽ |

| | | | |
|---|---|---|---|
| | സ്റ്റേഷനിൽ 2003-ൽ നൽകിയ പരാതിയിലും ജി.എസ്.ടി. വകുപ്പ് കൊച്ചി സിറ്റി പോലീസിൽ നൽകിയ പരാതിയിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | | ശങ്കർ എന്നയാൾ 1169 S 1998, 10211 A 1992, 10211 A 1993 എന്നീ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയ എം. ജി. യൂണിവേഴ്സിറ്റിയുടെ പേരിലെ വ്യാജ ബി-കോം ബിരുദ സർട്ടിഫിക്കറ്റ് അസ്സലാണെന്ന വ്യാജേന ഹാജരാക്കി നിയമവിരുദ്ധമായി സ്ഥാനക്കയറ്റം നേടിയ കാര്യത്തിന് 24.09.2024 -ൽ Ernakulam South Division GST Department Office-ലെ Deputy Commissioner ആയ അനിൽ കുമാർ കെ.എസ് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം 1465/2024 U/s 406, 468, 471 I P C പ്രകാരം FIR രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br><br>ഇതു സംബന്ധിച്ച് കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ പരിധിയിൽ കുറ്റകൃത്യം നടന്നതായി വെളിവായിട്ടില്ലാത്തതിനാൽ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ